**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5735 — 05.07.2013 ൽ മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ : | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല ഏത് വകുപ്പിനാണ് ; | (എ) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഭരണച്ചുമതല GO(Ms) No.219/2010/GAD dated 18-06-2010 പ്രകാരം റവന്യൂ വകുപ്പിനാണ്. |
| (ബി) പ്രസ്തുത നിയമത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കാത്ത തരത്തിൽ മറ്റു വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കുകയോ, നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (ബി) തദ്ദേശസ്വയംഭരണ വകുപ്പ് നികത്തു ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഇത് തടയുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) 28-11-2012 -ൽ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ ആക്ട് / ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ 5-ാം നിർദ്ദേശം താഴെപ്പറയുന്നു.<br>"സെക്ഷൻ 14 പ്രകാരം ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പരിവർത്തനം ചെയ്തിട്ടുള്ള നെൽവയലിലോ തണ്ണീർത്തടത്തിലോ ഏതെങ്കിലും |

പ്രവർത്തിയോ നിർമ്മാണമോ ചെയ്യുന്നതിനുള്ള യാതൊരു ലൈസൻസും യാതൊരു തദ്ദേശ സ്ഥാപനവും നൽകുവാൻ പാടില്ലാത്തതിനാലും എന്നാൽ മറ്റു വകുപ്പുകൾ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉത്തരവുകൾ / സർക്കുലറുകൾ ഇറക്കുന്നത് നിയമത്തെ ദുർബലപ്പെടുത്തുന്നതായി കാണുന്നതിനാലും ബിസിനസ് റൂൾ പ്രകാരം റവന്യു വകുപ്പിന്റെ അധികാരം ദുർബലപ്പെടുത്തുന്നതോ ആയ നടപടികൾ ഒഴിവാക്കാൻ സർക്കുലർ പുറപ്പെടുവിക്കണം. ഇത്തരത്തിൽ ഇറക്കിയ ഉത്തരവുകൾ പിൻവലിക്കാൻ നടപടിയെടുക്കണം". ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി അറിയിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ